## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1879

16.06.2014-ൽ മറുപടിക്ക്.

### ടാങ്കർ ലോറി അപകടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ്. | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ടാങ്കർ ലോറി അപകടങ്ങൾ ഇല്ലാതാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ടാങ്കർ ലോറി അപകട ഭീഷണി ഒഴിവാക്കുന്നതിനായി കർശന പരിശോധന നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1989-ലെ കേരള മോട്ടോർ വാഹനചട്ടം 336 എ ഭേദഗതി ചെയ്ത് എൽ.പി.ജി വലിയ അളവിൽ കൊണ്ടുപോകുന്ന ചരക്കുവാഹനങ്ങളുടെ ഗതാഗതത്തിന് രാവിലെ 8 മണി മുതൽ 11 മണിവരെയും വൈകുന്നേരം 3 മണി മുതൽ 6 മണിവരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡ് സുരക്ഷ, വാഹനങ്ങളുടെ ഗതാഗതം എന്നിവ പരിഗണിച്ചുകൊണ്ട് പ്രാദേശികമായി ഇത്തരം വാഹനങ്ങളുടെ ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തിനകത്ത് പാചകവാതകം വഹിക്കുന്ന ചരക്കു വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി ജി.പി.എസ് സംവിധാനം ഘടിപ്പിക്കുന്നതിനും ടാങ്കർ ലോറികളിൽ " ഇന്റേണൽ എക്സസ് ഫ്ളോ ചെക്ക് വാൽവ്" ഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ബി) ടാങ്കർ ലോറി അപകടങ്ങൾ കൂടുതലായി ഉണ്ടാകുന്ന കണ്ണൂർ ജില്ലയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഫയർ ഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

(ബി) അഗ്നിശമന സേനാ വകുപ്പിന് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉപകരണങ്ങൾ ലഭ്യമാകുന്നമുറയക്ക് കണ്ണൂർ അഗ്നിശമന രക്ഷാനിലയത്തിന് ഉപകരണങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കല്യാശ്ശേരി ടാങ്കർ ദുരന്തത്തിൽ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ട അഗ്നിശമനസേന ജീവനക്കാർക്ക് പാരിതോഷികം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ